# ശ്ലീവാകാലം

## വചന വിചിന്തനം

### ശ്ലീവാകാലം മൂന്നാം ഞായർ

**മത്താ 15,21-38**

> **നമ്മൾ പ്രാർത്ഥിക്കുന്നു...**
> **ചിലതിന് ഉത്തരം ലഭിക്കുന്നു... മറ്റ് ചിലതിന് ഉത്തരം ലഭിക്കുന്നില്ല!**
> **കാനാൻകാരി സ്ത്രീയും പ്രാർത്ഥിക്കുന്നു,**
> **അവൾക്ക് ഉത്തരം ലഭിക്കുന്നു... ഒപ്പം, അനുഗ്രഹവും.**
> **കാരണം, അവളുടെ വിശ്വാസം വലുതായിരുന്നു!**

*വിശ്വാസത്തിന്റെ വാതിലിലൂടെ പ്രവേശിക്കുന്നവർ വിരുന്നുണ്ട് സംതൃപ്തരാകും. അല്ലാത്തവർ വിരുന്നുണ്ണുന്നുണ്ട്. പക്ഷെ, സംതൃപ്തരാക്കപ്പെടുന്നില്ല!*

കാനാൻകാരി സ്ത്രീയുടെ വിശ്വാസത്തിന്റെ വളർച്ചയാണ് ഇന്നത്തെ വചനഭാഗത്തിന്റെ ഇതിവൃത്തം. ക്രിസ്തു യാത്ര പുറപ്പെട്ട് ടയിർ, സീദോൻ എന്നീ പ്രദേശങ്ങളിലെത്തിയപ്പോൾ ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചുകൊണ്ട് ക്രിസ്തുവിനോട് പറയുകയാണ്;

"കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു."

അവൾ വിജാതിയസ്ത്രീ ആണെങ്കിലും വിശ്വാസത്തിന്റെ പാര്യമ്യത്തിലാണ് നിൽക്കുന്നതെന്ന് അവളുടെ വാക്കുകൾ കേട്ടാൽ മനസ്സിലാകും. കാരണം, യഹൂദർ പോലും മനസിലാക്കാത്ത സത്യം, ക്രിസ്തു ദാവിദിന്റെ വംശത്തിൽ പെട്ടവനാണെന്നും, അവൻ ദൈവപുത്രനായ കാർത്താവാണെന്നുമുള്ള സത്യം, അവൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഇതിനേക്കാൾ ഉപരിയായി അവൾ തിരിച്ചറിഞ്ഞ സത്യം പ്രഘോഷിക്കുന്നതിന് ഒരു മടിയും അവൾ പ്രദർശിപ്പിക്കുന്നില്ല. പക്ഷെ, ക്രിസ്തു അവളോട് വിമുഖത പ്രദർശിപ്പിക്കുന്നു. ശിഷ്യൻമാർ 'റെക്കമന്റ്' ചെയ്തിട്ടുപോലും നിസംഗതയായാണ് ക്രിസ്തു പ്രകടിപ്പിക്കുന്നത്.

പക്ഷെ, അവളുടെ വിശ്വാസത്തിന്റെ വലുപ്പം കാണുമ്പോൾ ക്രിസ്തുവിന്റെ നിസംഗത അവനിൽനിന്ന് അകന്ന് പോവുകയാണ്. അവളുടെ വിശ്വാസത്തിന്റെ വലുപ്പംകണ്ട് ക്രിസ്തുപോലും അൽഭുതപ്പെടുകയാണ്. തൊട്ടടുത്ത നിമിഷം അവൻ പറയുകയാണ്;

"സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ."

പിന്നീട്, വചനം പറയുന്നത് ഇപ്രകാരമാണ്; "ആ സമയംമുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി" (മത്താ 15,2). ചുരുക്കത്തിൽ, തിരുസഭാമാതാവ് "കാനാൻ കാരിയുടെ വിശ്വാസം" മുൻനിർത്തി പറയുന്നത് ഇപ്രകാരമാണ്; "ഒരു വ്യക്തിയിൽ വിശ്വാസത്തിന്റെ വലുപ്പം എത്രമാത്രം സംഭവിച്ചിട്ടുണ്ടോ, അത്രമാത്രം അനുഗ്രഹങ്ങൾ സ്വന്തമാക്കാനുള്ള വലുപ്പവും രൂപപ്പെട്ടിരിക്കുന്നു." ഇന്ന്, നമ്മുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ നടക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വിശ്വാസത്തിന്റെ കുറവ് നമ്മിൽ നിലനിൽക്കുന്നതുകൊണ്ടാണ്. വിശ്വാസത്തിന്റെ വലുപ്പമാണ് അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നതിനുള്ള അതിർ വരമ്പ് എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഒരാൾ തന്റെ സ്നേഹിതനെ വിളിച്ച് അത്യാവശ്യമായി 8,000 രൂപ കടമായി ആവശ്യപ്പെട്ടു. സ്നേഹിതൻ തിരിച്ചു പറഞ്ഞു; "ഇതാ അര മണിക്കൂറിനുള്ളിൽ ഞാൻ പണവുമായി നിന്റെ അടുക്കൽ എത്തും."

മണിക്കൂർ അരയും ഒന്നും കഴിഞ്ഞു... സ്നേഹിതനെ കാണുില്ല... വിളിക്കുമ്പോഴൊക്കെ മൊബൈൽ ഓഫാണെന്ന അനൗസ്മെന്റും. അയാൾ നിരാശയാൽ ആകെ തകർന്നു പോയി! സ്നേഹിതൻ മുങ്ങിയതാണയാൾ ഊഹിച്ചു. രണ്ടു മണിക്കൂറിന് ശേഷം വിളിച്ചു ഫോൺ അപ്പോഴും ഓഫിൽ തന്നെ. അങ്ങനെ അയാൾ എസ്.എം.എസ് അയച്ചു;

"എന്താവശ്യമുണ്ടെങ്കിലും നിനക്ക് എന്നെ വിളിക്കാം. ഞാൻ ഇനി ഒരു സഹായത്തിനും നിന്നെ ബുദ്ധിമുട്ടിക്കാൻ വിളിക്കില്ല... ക്ഷമിക്കുക."

കാൽ മണിക്കൂറിന് ശേഷം സ്നേഹിതന്റെ വിളി വന്നു; "ഇതാ വന്നുകൊണ്ടിരിക്കുകയാണ്, ഞാൻ എവിടെയാണെത്തേണ്ടത്?"

ഈ സംസാരത്തിനിടയിലായിരുന്നു അയാൾക്ക് അവനയച്ച എസ്.എം.എസ് കിട്ടിയത്... സ്നേഹിതൻ പറഞ്ഞു; "ഒരു സെക്കന്റ്... ഒരു എസ്.എം.എസ് വന്നിട്ടുണ്ട്. ഒന്ന് നോക്കിയിട്ട് വിളിക്കാം..." ഇത്രയും പറഞ്ഞ് ഫോൺ കട്ട് ചെയ്തു. എന്നിട്ട്, അൽപ്പം സമയം കഴിഞ്ഞ് എസ്.എം.എസ് വായിച്ച ശേഷം അയാൾ പറഞ്ഞു;

"മുങ്ങാൻ വേണ്ടിയല്ല സുഹൃത്തേ ഞാൻ ഫോൺ ഓഫാക്കിയത്... മറിച്ച്, വേറെ വഴിയൊന്നും കാണാത്തതിനാൽ നിനക്ക് വേണ്ട പണമൊപ്പിക്കുവാൻ ഫോൺ വിൽക്കാൻ വേണ്ടിയായിരുന്നു അത് ചെയ്തത്. നിനക്ക് വേണ്ട 8000 രൂപ കഴിച്ച് ബാക്കിയുള്ള 1000 ത്തിന് ഒരു ചെറിയ ഫോൺ വാങ്ങി സിം കാർട് അതിലിട്ടു. അതിലൂടെയാണ് ഞാൻ ഇപ്പോൾ നിന്നെ വിളിയ്ക്കുന്നത്..."

കാനാൻകാരി സ്ത്രീ അക്രൈസ്തവയാണ്. പക്ഷെ, ക്രൈസ്തവരെ തോൽപ്പിക്കുന്ന വലിയ വിശ്വാസം അവൾക്കുണ്ട്!

ജീവിതത്തിൽ അരങ്ങേറുന്ന അൽഭുതങ്ങളുടെയും അനുഗ്രഹങ്ങളുടെയും അടിസ്ഥാനം വിശ്വാസം തന്നെയാണ്. അത് ദൈവത്തിലുള്ള വിശ്വാസം എന്നതുപോലെ തന്നെ സഹോദരങ്ങളിലുമുള്ള വിശ്വസാസം കൂടെയുമാണ്. ഇന്ന് നമുക്ക് സംഭവിക്കുന്ന വലിയ പിഴവ് ഒന്നുകിൽ ദൈവത്തിൽ വിശ്വാസമുണ്ട്. പക്ഷെ, സഹോദരങ്ങളിൽ വിശ്വാസമില്ല. അല്ലെങ്കിൽ, സഹോദരങ്ങളിൽ വിശ്വാസമുണ്ട്. പക്ഷെ, ദൈവത്തിൽ വിശ്വാസമില്ല. ദൈവത്തിലും സഹോദരങ്ങളിലും ഒരുപോലെ വിശ്വസിക്കാനും ആശ്രയിക്കാനും സാധിക്കണം. ചില മനസ്സുകൾ നമ്മുടെ ഊഹങ്ങളുടെയും അപ്പുറത്താണ്. അതിനാൽ, ചെറിയ സ്കെയിലുകൾ വച്ച് വലിയ ബന്ധങ്ങളെയും, മനസ്സുകളെയും അളക്കരുത്!

ഉൽപത്തിയുടെ പുസ്തകത്തിൽ "യാക്കോബിൻെറ ദൈവവുമായുള്ള മൽപിടിത്തം" നാടകീയമായിതന്നെ ചിത്രീകരിച്ചിട്ടുണ്ട്. അവിടെ, ശാരീരികമായ മൽപിടുത്തം നടത്തപ്പെടുന്നുണ്ടെങ്കിലും അതിനേക്കാൾ വലിയ മൽപിടുത്തം ദൈവവുമായ യാക്കോബ് നടത്തുന്നുണ്ട്; "എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ അങ്ങയെ ഞാൻ വിടുകയില്ല" എന്നു പറഞ്ഞുക്കൊണ്ട്.

രാത്രിയിൽ യാക്കോബ് തൻെറ രണ്ടു ഭാര്യമാരെയും രണ്ടു പരിചാരികമാരെയും പതിനൊന്നു മക്കളെയും കൂട്ടി യാബോക്ക് എന്ന കടവു കടത്തി പുഴയ്ക്കക്കരെ വിട്ടു. തൻെറ സമ്പാദ്യം മുഴുവൻ അക്കരെയെത്തിച്ചു. യാക്കോബു മാത്രം ഇക്കരെ നിന്നു. പിന്നീടയാൾ നേരം പുലരുന്നതുവരെ ദൈവവുമായി മൽപ്പിടിത്തം നടത്തി. യാക്കോബിനെ കീഴടക്കാൻ സാധ്യമല്ലെന്നു കണ്ടപ്പോൾ ദൈവം യാക്കോബിൻെറ അരക്കെട്ടിൽ തട്ടി. മൽപ്പിടിത്തത്തിനിടയിൽ ഇത് ശ്രദ്ധിക്കാൻ സാധിക്കാതിരുന്ന

യാക്കോബിന്‍റെ തുട അരക്കെട്ടില്‍നിന്നു തെറ്റി. അപ്പോഴാണ് യാക്കോബ് തിരിച്ചറിയുന്നത് ഇത് ദൈവമാണെന്ന്. ദൈവം യാക്കോബിനോട് പറഞ്ഞു;

"നേരം പുലരുകയാണ്. ഞാന്‍ പോകട്ടെ."

ദൈവത്തിന്‍റെ വാക്കു കേള്‍ക്കുന്ന യാക്കോബ് ദൈവത്തോട് പറയുന്നത് ഒന്നുമാത്രമാണ്. ഇതു തന്നെയാണ് വിജാതിയയായ കാനാന്‍ക്കാരി സ്ത്രീയും പറയുന്നത്;

"എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ അങ്ങയെ ഞാന്‍ വിടുകയില്ല."

ഇതൊരു വിശുദ്ധമായിട്ടുള്ള വാശിയാണ്. സമ്പാദ്യങ്ങളോ, നേട്ടങ്ങളോ, ലാഭങ്ങളോ അല്ല എനിക്ക് വേണ്ടത്. മറിച്ച്, ദൈവത്തിന്‍റെ അനുഗ്രഹം മാത്രം. ഇന്ന് നാം ദൈവത്തോട് ചോദിക്കാന്‍ മറന്ന് പോകുന്നതും ഇതുതന്നെയാണ്. പിന്നീട്, വചനം പറയുന്നത് ഇപ്രകാരമാണ്;

"ഇനിമേല്‍ നീ യാക്കോബ് എന്നല്ല, ഇസ്രായേല്‍ എന്നുവിളിക്കപ്പെടും... കാരണം, ദൈവത്തോടും മനുഷ്യരോടും നീ മല്ലിട്ടു ജയിച്ചിരിക്കുന്നു... അവിടെവച്ച് അവന്‍ യാക്കോബിനെ അനുഗ്രഹിച്ചു" (ഉല്‍പ 32,22-31).

സാമ്പത്തീകമായ ലാഭങ്ങളോ നഷ്ടങ്ങളോ അല്ല ഒരുവനെ ധനവാനോ ദരിദ്രനോ ആക്കുന്നത്. മറിച്ച്, ദൈവത്തിന്‍റെ അനുഗ്രഹങ്ങളാണ്. ഈ ദൈവത്തിന്‍റെ അനുഗ്രഹം ലഭിക്കുന്നത് വിശ്വാസത്തോടുകൂടെ ദൈവത്തെ സമീപിക്കുന്നവര്‍ക്കാണ്. അങ്ങനെയെങ്കില്‍, "കാനാന്‍കാരിയുടെ വിശ്വാസം" എന്നുള്ള വചനഭാഗം മുന്നില്‍ വച്ച് പരിചിന്തനം നടത്താം; "വിശ്വാസത്തോടുകൂടെ ദൈവത്തെ സമീപിച്ച് അനുഗ്രഹങ്ങള്‍ സ്വന്തമാക്കുന്നതില്‍ ഞാന്‍ ധനവാനോ ദരിദ്രനോ?"

*വിശ്വാസം*
*അന്ധകാരത്തിലേയ്ക്കുള്ള*
*എടുത്തുചാട്ടമാണ്...*
*ദൈവം*
*എന്നെ കാക്കും*
*എന്നുള്ള ഉറപ്പിന്‍മേല്‍!*

***"വിശ്വാസം മൂലം ആബേല്‍ കായേന്‍റേതിനെക്കാള്‍ ശ്രേഷ്ഠമായ ബലി ദൈവത്തിനു സമര്‍പ്പിച്ചു. അതിനാല്‍, അവന്‍ നീതിമാനായി അംഗീകരിക്കപ്പെട്ടു"***

ഹെബ്രാ 11,4

---

ഫാ. ജോബി മേനോത്ത്
+91 9447777931